**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **27-07-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടോൾ പ്ലാസകളിലെ വാഹനത്തിരക്ക് ഒഴിവാക്കാൻ ദേശീയപാത അതോറിറ്റി പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. ദേശീയ പാതകളിലെ ടോൾ പ്ലാസയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ 100% ഫാസ്റ്റാഗ് സമ്പ്രദായം 16.02.2021 മുതൽ നടപ്പിലാക്കി വരുന്നു. പാലിയേക്കര, പാമ്പാമ്പള്ളം, കമ്പളം ബൈപ്പാസ്, കൊല്ലം ബൈപ്പാസ് എന്നീ ടോൾ പ്ലാസകളിൽ 100% ഫാസ്റ്റാഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. ദേശീയ പാതകളിലെ ടോൾ പ്ലാസയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ 100% ഫാസ്റ്റാഗ് സമ്പ്രദായം 16.02.2021 മുതൽ നടപ്പിലാക്കി വരുന്നു. പാലിയേക്കര, പാമ്പാമ്പള്ളം, കമ്പളം ബൈപ്പാസ്, കൊല്ലം ബൈപ്പാസ് എന്നീ ടോൾ പ്ലാസകളിൽ 100% ഫാസ്റ്റാഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കേന്ദ്രസർക്കാർ നടപ്പാക്കിയ ഫാസ്റ്റാഗ് സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | 2021 ഫെബ്രുവരി മുതൽ എല്ലാ വാഹനങ്ങൾക്കും ഫാസ്റ്റാഗ് നിർബന്ധമാക്കിയിട്ടുണ്ട്. സ്വമേധയാലുള്ള ടോൾ പ്രവർത്തനവുമായി താരതമ്യം ചെയ്യുമ്പോൾ 100% ഫാസ്റ്റാഗ് സമ്പ്രദായം വാഹനങ്ങൾ കടന്നു പോകാനുള്ള സമയം നല്ല രീതിയിൽ കുറയ്ക്കുന്നതിന് സഹായകരമാണ്. |

സെക്ഷൻ ഓഫീസർ